**File No.GEDN-G1/59/2018-G.EDN**

IED/68039/2018/DPI
26.12.18

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ്- എസ് എസ് എൽ സി പരീക്ഷ മാർച്ച് 2019-ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പരീക്ഷാനുകൂല്യം ലഭിക്കുന്നതിനായി മെഡിക്കൽ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

സ.ഉ.(സാധാ) നം.5389/2018/പൊ.വി.വ തീയതി,തിരുവനന്തപുരം, 21/12/2018

---

പരാമർശം:- 1 സർക്കാർ ഉത്തരവ് (കൈ) നം.63/2018/പൊവിവ, തീയതി 15.05.2018

2 സർക്കാർ ഉത്തരവ് (സാധാ) നം.4785/18/പൊവിവ, തീയതി 16.11.2018

3 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.12.2018 ലെ ഐ.ഇ.ഡി./40000/18/ഡി.പി.ഐ നമ്പർ കത്ത്

<u>ഉത്തരവ്</u>

ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പരീക്ഷാനുകൂല്യം ദുരുപയോഗം ചെയ്യുന്നത് തടയുന്നതു സംബന്ധിച്ച് പരാമർശം (1) പ്രകാരവും, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരീക്ഷാനുകൂല്യം ലഭിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിന് 2018 ഡിസംബർ 10 വരെ സമയം അനുവദിച്ചു കൊണ്ട് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു. എന്നാൽ ടി വിദ്യാർത്ഥികൾക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ലഭിക്കുവാൻ കാലതാമസം നേരിടുന്നതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്ന് അറിയിപ്പുകൾ ലഭിച്ചു കൊണ്ടിരിക്കുന്നതിനാൽ അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി ദീർഘിപ്പിച്ച് ഉത്തരവാകണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിരുന്നു.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരീക്ഷാനുകൂല്യം ലഭിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട സമയപരിധി 2019 ജനുവരി 10 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ചിത്ര കെ ദിവാകരൻ**
**അണ്ടർ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പൊതുവിദ്യാഭ്യാസ ജില്ലാ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ )വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പത്രത്തിന്റെ നമ്പർ. ഐ.ഇ.ബി 40000/18 ഡി.പി.ഐ

തീയതി. 26/12/18.

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും തുടർ നടപടികൾക്കുമായി അയച്ചു തരുന്നു.

27/12/18

പി. വി. ഡയറക്ടർക്കു വേണ്ടി.

പകർപ്പ്.

1. എല്ലാ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

26/12/18.